പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:250 07.02.2018 ൽ മറുപടിയ്ക്ക്

**കുറിഞ്ഞി ഉദ്യാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | വ്യാജപട്ടയങ്ങളുടെ പിൻബലത്തിൽ സർക്കാർ ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്ന വസ്തുകച്ചവടക്കാരും, കോർപ്പറേറ്റുകളും അടങ്ങുന്ന വൻകിട കയ്യേറ്റസംഘത്തിന്റെ സാന്നിധ്യം മുന്നാറിലെ കുറിഞ്ഞി ഉദ്യാനത്തിന് ഭീഷണിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) ജി.ഒ.(എം.എസ്) 69/15/റവ തീയതി 16/2/2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേർ പരിശോധന നടത്തേണ്ട വില്ലേജുകളിൽ കുറിഞ്ഞി ദേശീയോദ്യാനം ഉൾപ്പെട്ടുവരുന്നു. ടി പ്രദേശങ്ങളിൽ നിലവിലെ സ്ഥിതി തിട്ടപ്പെടുത്തുന്നതിന് തണ്ടപ്പേർ പുന:പരിശോധന നടന്നുവരുന്നു. ആയതിനുശേഷം അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഉദ്യാനത്തിന്റെ സർവ്വെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയ ഭൂമി എത്രയുണ്ട്, കയ്യേറ്റ ഭൂമി എത്രയുണ്ട്, കൈവശ സ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തിരമായി തീർപ്പാക്കുവാനും ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റവന്യൂ വനം പോലീസ് വകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടു കൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ /ദേവികുളം സബ് കളക്ടർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23/11/2017-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതും ആയതനുസരിച്ച് ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | സർവ്വെ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി അതിർത്തി തിരിച്ച് കയ്യേറ്റരഹിത മേഖലയായി കുറിഞ്ഞി ഉദ്യാനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ